# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## മുമ്പ് അബോർഷനുവേണ്ടി, ഇപ്പോൾ ജീവനുവേണ്ടി




ബ്രസീൽ: അബോർഷനെ അനുകൂലിച്ച് സംസാരിക്കുകയും തികച്ചും വ്യത്യസ്തയുള്ള, എന്നാൽ സഭ്യതയുടെ അതിർവരമ്പുകൾ ഭേദിക്കുന്ന രീതിയിൽ പ്രതിഷേധങ്ങൾ നടത്തുകയും ചെയ്യുന്ന ഫിമെൻ എന്ന സംഘടനയെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. ഫിമെൻ സംഘടന ലോകത്തെങ്ങും പ്രശസ്തമാണ്. മേൽവസ്ത്രം ഉരിഞ്ഞ് സ്ത്രീകൾക്കുവേണ്ടി വാദിക്കാൻ ജനങ്ങളുടെ ഇടയിൽ പ്രതിഷേധം നടത്തുന്ന അവരെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ സജീവമായിരുന്നു പല കാലത്തും. ഈ സംഘടനാംഗങ്ങൾ വത്തിക്കാനിൽ ദേവാലയങ്ങളിൽ കയറി അവിടെ മേൽവസ്ത്രമുരിഞ്ഞ് പ്രതിഷേധിച്ചതും, സ്പെയിനിൽ കർദ്ദിനാൾ ആന്റോണിയോ മരിയ റോക്കോ വരേലയ്ക്കെതിരെ കൈയ്യിൽ കിട്ടിയതൊക്കെ വലിച്ചെറിഞ്ഞതും ഏറെ മാധ്യമശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അർജന്റീനയിൽ ദേവാലയത്തിന് പുറത്ത് ജപമാല ചൊല്ലി പ്രാർത്ഥിച്ചിരുന്ന കത്തോലിക്കാ വിശ്വാസികളുടെ നേരെ കുപ്പികളും വടിയും എറിഞ്ഞതും വസ്ത്രമുരിഞ്ഞ് പ്രതിഷേധിച്ചതും പോലീസ് ഇടപെടലിനും കാരണമായിരുന്നു.

ബ്രസീലിൽ ഫിമെൻ സംഘടനയ്ക്കൊരു സ്ഥാപകയുണ്ട്. സാറാ വിന്റർ എന്നറിയപ്പെടുന്ന സാറ ഫെർണാണ്ട ജിറോമിൻ. ചെറുപ്പക്കാരിയാണ്. രാജ്യവ്യാപകമായി ഈ സംഘടന ബ്രസീലിൽ പ്രശസ്തമാകുന്നതിന് സാറായുടെ പങ്ക് വളരെ വലുതായിരുന്നു. പല സ്ഥലങ്ങളിലും വസ്ത്രമുരിഞ്ഞ് അബോർഷനുവേണ്ടി അവൾ വാദിച്ചു. എന്നാൽ സാറാ വിന്റർ അടുത്തനാളുകളിൽ ഒരു സത്യമറിഞ്ഞു. സ്ത്രീകളെ ഇങ്ങനെ പ്രതിഷേധത്തിനിറക്കി മുതലെടുക്കുന്ന വലിയ അബോർഷൻ ഭീമന്മാരാണ് ഇതിന് പിന്നിൽ. പണമാണ് അവരുടെ ലക്ഷ്യം. സ്ത്രീകൾ ഇങ്ങനെ പ്രതിഷേധത്തിനിറങ്ങുമ്പോൾ അതിൽനിന്ന് ലാഭമുണ്ടാക്കുന്ന വമ്പൻ കമ്പനികളുണ്ട്. അവിടെ ഒഴുകുന്ന പണത്തിന് ബലിയാടാകുകയാണ് ഇത്തരം സ്ത്രീകൾ.

വിന്റർ ഇപ്പോൾ പ്രോലൈഫ് ആണ്. ജീവനുവേണ്ടിയും സ്ത്രീയുടെ യഥാർത്ഥ രക്ഷയ്ക്കും വേണ്ടി വാദിക്കുന്നവൾ. മൂന്ന് വർഷമായി ഈ മാറ്റം. ഫെമിനിസം എന്ന വാദത്തിന്റെ മറവിൽ നടക്കുന്ന വലിയ സാമ്പത്തിക ലാഭത്തിന്റെ മറനീക്കി കാട്ടുന്നു സാറാ. സ്ത്രീകളെ ചൂഷണം ചെയ്ത് സ്ത്രീ ആരോഗ്യത്തിന്റെപേരിൽ നടക്കുന്ന വലിയ അബോർഷൻ, കോൺട്രാസെപ്ഷൻ

ബിസിനസ്സിനെക്കുറിച്ച്.

സ്വന്തം ജീവിതത്തിലും ഒരു ഭ്രൂണഹത്യ നടത്തിയവളാണ് സാറാ. അത്ര ആത്മാർത്ഥതയോടെയായിരുന്നു അവളുടെ പ്രോഅബോർഷൻ പ്രചാരണ പ്രവർത്തനങ്ങൾ. എന്നാൽ രണ്ടാമത്തെ കുഞ്ഞ് അവളുടെ ചിന്തകളെ മാറ്റിമറിച്ചു. ആദ്യം കൊന്നുകളഞ്ഞ കുഞ്ഞും ഇതുപോലെ തന്റെ ജീവിതത്തിന്റെ സന്തോഷം വളർത്താൻ വന്നതായിരുന്നില്ലേ എന്ന ലളിതമായ ചിന്ത അവളുടെ കണ്ണുതുറന്നു. താൻ ഏതു മാഫിയയുടെയാണ് ഇരയായിക്കൊണ്ടിരിക്കുന്നതെന്ന് അവൾക്ക് ബോധ്യവും ലഭിച്ചതോടെയാണ് മാറി ചിന്തിക്കുവാൻ തയ്യാറായത്.

തന്റെ ഭാഗത്തുനിന്നുണ്ടായ എല്ലാ തെറ്റുകൾക്കും മാപ്പുചോദിച്ചുകൊണ്ടാണ് സാറാ തന്റെ പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. താൻ ആരുടെയോ താല്പര്യങ്ങളെ സംരക്ഷിക്കാൻ ചൂഷണം ചെയ്യപ്പെടുകയായിരുന്നെന്നും, പ്രോഅബോർഷൻ ചിന്തകൾ വളരുമ്പോൾ വളരുന്നത് സ്ത്രീയുടെ മഹത്വമല്ലെന്നും സാമ്പത്തിക ലാഭം കൊയ്യുന്ന അബോർഷൻ ബിസിനസ്സാണെന്നും പല രാജ്യങ്ങളിലൂടെ സഞ്ചരിച്ച് ഇത്തരം കാര്യങ്ങൾ നിരീക്ഷിച്ച് പരിചയമുള്ള സാറാ വിന്റർ പറയുന്നു. സ്ത്രീയുടെ മഹത്വം ഹനിക്കപ്പെടുകയാണ് പല സ്ഥലങ്ങളിലും. മഹത്വം ലഭിക്കുന്നത് പണത്തിനാണ്.

ലളിതമായ ഒരു ലോജിക് കൂടി സാറാ വിന്റർ തന്റെ വാദങ്ങളിൽ നിരത്തുന്നുണ്ട്. അതിങ്ങനെ, 'ഗർഭസ്ഥശിശു ഒരു വസ്തുവാണ് മനുഷ്യനല്ല എന്നാണല്ലോ അബോർഷൻ ഭീമന്മാർ വാദിക്കുന്നത്. ഞാനൊന്നു ചോദിക്കട്ടെ, ഗർഭത്തിലുള്ള ഈ 'വസ്തുവിനെ' മുന്നോട്ട് പോകാൻ അനുവദിച്ചാൽ അത് എന്താണ് ആയിത്തീരുക? അതൊരു വസ്തു മാത്രമായിരിക്കുമോ? ഒരിക്കലുമല്ല. ഭാവിയിൽ അതു മനുഷ്യൻ ആയിത്തീരും, അല്ലേ. അപ്പോൾ ഭാവിയിൽ മനുഷ്യനാകുവാൻ സാധ്യതയുള്ള ഒന്നിനെയാണ് നാം ഇല്ലായ്മ ചെയ്യുന്നത്. അതായത് മനുഷ്യജീവനെത്തന്നെ. വളർന്നുവരുന്ന ഒരു കൊച്ചുചെടി നശിപ്പിച്ചാൽ അതിന് മരമാകുവാനുള്ള സാധ്യതയുണ്ടെങ്കിൽ, മരത്തെത്തന്നെയല്ലേ നാം ഇല്ലായ്മ ചെയ്യുന്നത്?' സാറാ വിന്ററിന്റെ ഈ ലളിതമായ യുക്തിക്കുനേരെ ഭരണകൂടങ്ങൾ കണ്ണുതുറന്നിരുന്നെങ്കിൽ.

കടപ്പാട് : us.sundayshalom.com